ലഭിച്ചുകൊണ്ടിരിക്കുന്ന സ്ഥിതിവിവരക്കണക്കനുസരിച്ച് പകർച്ചവ്യാധികൾ കുറഞ്ഞു വരുന്നതായിട്ടാണ് കാണിക്കുന്നത്.

29-6-2005-ൽ മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ വിവിധ വകുപ്പ് മന്ത്രിമാരുടെയും സെക്രട്ടറിമാരുടെയും വകുപ്പ് അദ്ധ്യക്ഷൻമാരുടെയും ഒരു യോഗം വിളിച്ചു കൂട്ടുകയും സംസ്ഥാനതലത്തിൽ പകർച്ചവ്യാധികൾ തടയുന്നതിനുള്ള മാർഗ്ഗരേഖയും പദ്ധതികളും അംഗീകരിക്കുകയുമുണ്ടായി.

എല്ലാ ജില്ലയിലും ജില്ലാ കളക്ടർ ചെയർമാനായി, വിവിധ വകുപ്പ് ഉദ്യോഗസ്ഥർ ഉൾപ്പെടുന്ന ഒരു ഇന്റർ ഡിപ്പാർട്ടുമെന്റൽ കോ-ഓർഡിനേഷൻ കമ്മിറ്റി രൂപീകരിക്കുകയും ജില്ലാതല പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുകയും അവലോകനം നടത്തുകയും ചെയ്തുവരുന്നു.

കൊതുകു നിവാരണപദ്ധതിപ്രകാരം അക്വേറിയം നിർമ്മിക്കൽ

123 [2557] *ശ്രീ. എം. മുരളി:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ ജില്ലയിലെ വള്ളിക്കുന്നം പി.എച്ച്.സി.യിൽ കൊതുക് നിവാരണപദ്ധതിപ്രകാരം മത്സ്യം വളർത്തുന്നതിന് അക്വേറിയം നിർമ്മിക്കുന്നതിന് 2003-2004-ൽ ആരോഗ്യവകുപ്പിൽനിന്നും നൽകിയ ധനസഹായം അക്വേറിയം നിർമ്മിക്കാതെ അപഹരിച്ച വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിന് ഉത്തരവാദികളായവരെ മാതൃകാപരമായി ശിക്ഷിക്കുന്നതിനു വേണ്ട നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഹാച്ചറി നിർമ്മിക്കുന്നതിന് 2003-2004 വർഷം ആലപ്പുഴ ജില്ലാ മെഡിക്കൽ ആഫീസറിൽനിന്നും 5000 രൂപ വള്ളിക്കുന്നം പ്രാഥമികാരോഗ്യകേന്ദ്രം മെഡിക്കൽ ആഫീസർക്ക് അനുവദിച്ചിട്ടുണ്ട്. ഇതിൽ 3000 രൂപ ട്രഷറിയിൽനിന്നും 30-3-2004-ൽ പിൻവലിച്ച് ആശുപത്രി പരിസരത്ത് ഒരു ഫിഷ് ഹാച്ചറി നിർമ്മിച്ച വകയിൽ ശ്രീ. രവീന്ദ്രൻപിള്ള, അമരശ്ശേരിൽ എന്നയാൾക്ക് 6-8-2004-ലെ രസീത് പ്രകാരം നൽകിയിട്ടുണ്ട്. ട്രഷറിയിൽനിന്നും ബാക്കി തുക പിൻവലിച്ചിരുന്നില്ല.

GPM. 2/588/2012—20

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇപ്പോൾ പ്രവർത്തനശൂന്യമായികിടക്കുന്ന ഫിഷ് ഹാച്ചറി വേണ്ട രീതിയിൽ പ്രവർത്തിപ്പിക്കാൻ മെഡിക്കൽ ആഫീസർക്ക് വേണ്ട നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ 30-3-2004-ൽ ട്രഷറിയിൽനിന്നും പിൻവലിച്ച തുക 6-8-2004 വരെ കൈവശം സൂക്ഷിച്ചതിന് മെഡിക്കൽ ആഫീസറോട് ജില്ലാ മെഡിക്കൽ ആഫീസർ വിശദീകരണവും ചോദിച്ചിട്ടുണ്ട്.

ഹെൽത്ത് മാന്വൽ കാലാനുസൃതമായി പുതുക്കുവാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ

124 [2558] *ശ്രീ. സാജു പോൾ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിലുള്ള ഹെൽത്ത് മാന്വൽ തയ്യാറാക്കി അംഗീകരിച്ചത് ഏതു തീയതിയിലാണ്;

(ബി) ഹെൽത്ത് മാന്വൽ കാലാനുസൃതമായി പുതുക്കുവാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണ്;

(സി) പുതുക്കിയ ഹെൽത്ത് മാന്വൽ എത്ര നാൾക്കകം നിലവിൽവരുമെന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) 21-6-1955-ലെ ഗസറ്റ് നമ്പർ 25 പ്രകാരം 1955-ലെ തിരു-കൊച്ചി പൊതുജനാരോഗ്യനിയമവും 7-3-1939-ലെ ഗസറ്റ്പ്രകാരം 1939-ലെ മദ്രാസ് പൊതുജനാരോഗ്യനിയമവും നിലവിൽവന്നു. ഹെൽത്ത് മാന്വൽ എന്നപേരിൽ നിയമങ്ങളൊന്നും നിലവിൽവന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) & (സി) ഒരു ഏകീകൃത പൊതുജനാരോഗ്യ നിയമത്തിന്റെ കരട് തയ്യാറാക്കിയത് സർക്കാർ പരിശോധിച്ചുവരികയാണ്.

LIBRARY ARCHIVES Kerala Legislative Assembly